# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2615 — 18.06.2018- ൽ മറുപടിക്ക്

**<u>മലയോര ഹൈവേയുടെ നിലവിലെ സ്ഥിതി</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. സ്വരാജ്** | **ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പുതുതായി നിർമ്മിക്കുന്ന മലയോര ഹൈവേക്കായുള്ള സ്ഥലം ലഭ്യമായിട്ടുണ്ടോ; | (എ) മലയോര ഹൈവേ 12 മീറ്റർ വീതിയിൽ നിർമ്മിക്കാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായി കഴിവതും നിലവിലുള്ള റോഡുകളെ ഉപയോഗപ്പെടുത്തിയാണ് NATPAC അലൈൻമെന്റ് തയ്യാറാക്കിയിട്ടുള്ളത്. റോഡ് വികസനത്തിന് നിലവിലുള്ളതിനേക്കാൾ അധികമായി ആവശ്യമുള്ള സ്ഥലം ജനപ്രതിനിധികളുടെ സഹായത്തോടെ free surrender ആയി ലഭ്യമാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഒന്നാംഘട്ടത്തിലെ 15 പ്രൊജക്റ്റുകൾക്ക് കിഫ്ബി-യിൽ നിന്നും അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതെല്ലാം ഇപ്രകാരം സ്ഥലം ലഭ്യമാക്കി നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ളതാണ്. വനമേഖലയിലൂടെ കടന്നുപോകുന്ന ഭാഗത്ത് വനഭൂമി ആവശ്യമായ സ്ഥലങ്ങളിൽ വനം വകുപ്പിൽ നിന്നും വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) ഈ ഹൈവേയുടെ നിർമ്മാണം എന്ന് ആരംഭിക്കാനാകുമെന്ന് അറിയിക്കുമോ; | (ബി) കിഫ്ബി-യുടെ അംഗീകാരം ലഭിച്ച പദ്ധതികളിൽ തിരുവനന്തപുരം -1, കൊല്ലം -1, കാസർഗോഡ് -2 എന്നിവ ടെണ്ടർ നടപടിയുടെ അവസാനഘട്ടത്തിലാണ്. ടെണ്ടർ നടപടികൾ പൂർത്തിയായാലുടനെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. |
| (സി) എത്ര കാലം കൊണ്ട് നിർമ്മാണം പൂർത്തിയാക്കുന്നതിനാണ് സർക്കാർ ആലോചിക്കുന്നത് എന്ന് അറിയിക്കാമോ? | (സി) ടെണ്ടർ നടപടികൾ പൂർത്തിയായി വരുന്ന 4 പദ്ധതികൾ 2 വർഷത്തിനകം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ